**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3931** **27-10-2021 - ൽ മറുപടിയ്ക്ക്**

**നഴ്സിങ് സൂപ്രണ്ടുമാരുടെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യ വകുപ്പിൽ വിവിധ ആരോഗ്യ കേന്ദ്രങ്ങളിലായി നഴ്സിങ് സൂപ്രണ്ടുമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത്; ജില്ലതിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | ആരോഗ്യ വകുപ്പിൽ നിലവിൽ 20 ഒഴിവുകളാണ് ഉള്ളത്. തിരുവനന്തപുരം 13 പത്തനംതിട്ട 1 ആലപ്പുഴ 4 തൃശ്ശൂർ 1 കാസർഗോഡ് 1 മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിലവിൽ നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ്-2 ന്റെ 12 ഒഴിവുകളാണ് ഉള്ളത്. തിരുവനന്തപുരം 1 ആലപ്പുഴ 4 കോട്ടയം 3 കോന്നി 1 കൊല്ലം 1 എറണാകുളം 1 കാസർഗോഡ് 1 |
| (ബി) | പ്രസ്തുത തസ്തികകളിലേക്ക് ഉടൻ നിയമനം ഉണ്ടാകുമോ; നിയമന നടപടികളുടെ തൽസ്ഥിതി ലഭ്യമാക്കാമോ; | (ബി) | പ്രസ്തുത തസ്തികകളിലേക്ക് നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | ഡെപ്യൂട്ടി നേഴ്സിംഗ് സൂപ്രണ്ടുമാരെ സ്ഥാനക്കയറ്റം നൽകി നഴ്സിങ് സൂപ്രണ്ടുമാരായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ആയതിന്റെ പുരോഗതി അറിയിക്കാമോ; | (സി) | ആരോഗ്യ വകുപ്പിൽ നഴ്സിംഗ് സൂപ്രണ്ടുമാരാരുടെ ഒഴിവുകളിലേക്ക് സ്ഥാനക്കയറ്റം നടത്തുന്നതിനായി സെലക്ട് ലിസ്റ്റ് നിലവിലില്ല. നിലവിലുള്ള ഡെപ്യൂട്ടി നഴ്സിംഗ് സൂപ്രണ്ടുമാർ ടി തസ്തികയിൽ പരിവീക്ഷണകാലം പൂർത്തിയാക്കിയിട്ടില്ല. പൂർത്തിയാകുന്ന മുറയ്ക്ക് നഴ്സിംഗ് സൂപ്രണ്ട് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിനുള്ള വകുപ്പ്തല പ്രമോഷൻ കമ്മിറ്റി (DPC) കൂടി തുടർനടപടികൾ സ്വീകരിക്കുന്നതാണ്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഡെപ്യൂട്ടി നഴ്സിംഗ് സൂപ്രണ്ടുമാരെ സ്ഥാനക്കയറ്റം നൽകി നഴ്സിംഗ് സൂപ്രണ്ടുമാരായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | കോവിഡ് പശ്ചാത്തലത്തിൽ നഴ്സിങ് സൂപ്രണ്ടുമാരുടെ ഒഴിവുകൾ നികത്തി ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | ആരോഗ്യ വകുപ്പിൽ നഴ്സിംഗ് സൂപ്രണ്ടുമാരാരുടെ ഒഴിവുകളിലേക്ക് സ്ഥാനക്കയറ്റം നടത്തുന്നതിനായി സെലക്ട് ലിസ്റ്റ് നിലവിലില്ല. നിലവിലുള്ള ഡെപ്യൂട്ടി നഴ്സിംഗ് സൂപ്രണ്ടുമാർ ടി തസ്തികയിൽ പരിവീക്ഷണകാലം പൂർത്തിയാക്കിയിട്ടില്ല. പൂർത്തിയാകുന്ന മുറയ്ക്ക് നഴ്സിംഗ് സൂപ്രണ്ട് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിനുള്ള വകുപ്പ്തല പ്രമോഷൻ കമ്മിറ്റി (DPC) കൂടി |

| | | | |
|---|---|---|---|
| | | | തുടർനടപടികൾ സ്വീകരിക്കുന്നതാണ്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഡെപ്യൂട്ടി നഴ്സിംഗ് സൂപ്രണ്ടുമാരെ സ്ഥാനക്കയറ്റം നൽകി നഴ്സിംഗ് സൂപ്രണ്ടുമാരായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ